**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2992 10.05.2017-ൽ മറുപടിക്ക്**

**എത്തിക്കൽ ഹാക്കിങ്ങ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്.പി | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) കേരള പോലീസ് നടത്തി വരുന്ന 'എത്തിക്കൽ ഹാക്കിങ്ങ്' എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഇന്റർനെറ്റ്, ഫോൺ, കമ്പ്യൂട്ടർ തുടങ്ങിയവ മുഖാന്തിരമുള്ള കുറ്റങ്ങൾ അന്വേഷിക്കുന്നതിനും തടയുന്നതിനുംവേണ്ടി ഈ മേഖലയിൽ നടത്തുന്ന ക്രിയാത്മക ഇടപെടലാണ് 'എത്തിക്കൽ ഹാക്കിങ്ങ്'. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായോ അല്ലാതെയോ വ്യക്തികളുടെ ഫോൺ ചോർത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് അധികാരം ഉപയോഗിച്ചെന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല. |
| (സി) വ്യക്തികളുടെ ഫോൺ ചോർത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചട്ടങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലുണ്ടോ ; വ്യക്തമാക്കുമോ; | (സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഹാക്കിങ്ങിലൂടെയും മറ്റും പോലീസ് ശേഖരിക്കുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) അന്വേഷണത്തിന്റെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

ഇന്ത്യൻ ടെലഗ്രാഫ് ആക്ട് വകുപ്പ് 5 (2) പ്രകാരം രാഷ്ട്രത്തിന്റെ സുരക്ഷക്കോ അഖണ്ഡതക്കോ ഭംഗം വരുത്തുന്ന സന്ദർഭങ്ങളിലോ അല്ലെങ്കിൽ അത്യാവശ്യ ഘട്ടങ്ങളിൽ ജനങ്ങളുടെ സേവനത്തിനായി ഒരു കുറ്റകൃത്യം തടയുന്നതിനോ വേണ്ടി സർക്കാരിന്റെ അനുവാദത്തോടുകൂടി ടെലിഫോൺ വഴി നടക്കുന്ന സന്ദേശങ്ങളും സംഭാഷണങ്ങളും നിരീക്ഷിക്കാവുന്നതാണ്.

ഇന്ത്യൻ ടെലഗ്രാഫ് ഭേദഗതി ചട്ടം - 2007 പ്രകാരം അതത് സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിമാർക്കാണ് നിരീക്ഷണത്തിന് അനുമതി നല്കാൻ അധികാരമുള്ളത്. 60 ദിവസ കാലയളവിലേക്കാണ് നീരീക്ഷണാനുമതി നല്കുന്നത്. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ ഐ.ജി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് ഇത് നിരീക്ഷിക്കാവുന്നതും എന്നാൽ മൂന്ന് ദിവസത്തിനകം ആഭ്യന്തര വകുപ്പ് സെക്രട്ടറിയെ അറിയിച്ച് ഏഴ് ദിവസത്തിനകം ഇതിനായുള്ള ഉത്തരവ് നേടുകയും ചെയ്യേണ്ടതുമാണ്. ഇന്ത്യൻ ടെലഗ്രാഫ് ആക്ട് സെക്ഷൻ (7) അനുസരിച്ച് നിയമപരമായിട്ടല്ലാതെ നടത്തുന്ന ടെലഫോൺ നിരീക്ഷണങ്ങൾ കുറ്റകൃത്യമായി കണക്കാക്കുന്നു. ഫോൺ ചോർത്തുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് സെക്രട്ടറി നല്കുന്ന ഉത്തരവ് അവലോകനം ചെയ്യുന്നതിനായി ഇന്ത്യൻ ടെലഗ്രാഫ് റൂൾസ് 419(A)16, 419(A)17 പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായും, പൊതുഭരണ വകുപ്പ് സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല അവലോകന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള STANDARD OPERATING PROCEDURE പ്രകാരമാണ് നിയമപരമായി ടെലിഫോൺ സന്ദേശങ്ങൾ നിരീക്ഷിക്കുന്നത്. ടെലിഫോൺ സേവന ദാതാക്കൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ചും ഇതിൽ വിശദീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ